ഐസിഡിഎസ്-എ-4-5231 /2020

വനിതാ ശിശു വികസന ഡയറക്റ്ററേറ്റ്
പൂജപ്പുര, തിരുവനതപുരം
ഫോൺ-0471/2346534
തീയതി : 25.08.2020

വനിതശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

ഏല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും

സർ,

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- ഐസിഡിഎസ് പദ്ധതി- കോവിഡ് 19- അങ്കണവാടിക ൾ ശുചീകരിക്കുന്നത്- സംബന്ധിച്ച്

സൂചന:-1. ഈ കാര്യാലയത്തിലെ 11/3/2020 ലെ ഐസിഡിഎസ്-ബി-6-4509/2020 നമ്പര് പരിപത്രം

കോവിഡ് വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ അങ്കണവാടികൾക്ക് 11/3/2020 മുതൽ അവധി പ്രഖ്യാപിക്കുകയും തുടർന്നു ഗുണഭോക്താക്കൾക്കുള്ള അനുപൂരക പോഷകാഹാരം THR ആയി വിതരണം ചെയ്യുവാനും സൂചന പ്രകാരം നിർദേശം നല്കിയിരുന്നു. മഴക്കാലയതിനാലും അങ്കണവാടികൾ തുറക്കാത്തത് മൂലവും അങ്കണവാടി കേന്ദ്രങ്ങളും പരിസരവും കാടുപിടിച്ചു ഇഴജന്തുക്കൾ കയറുന്ന തരത്തില് വൃത്തിഹീനമാണ് എന്നു പല ജില്ലകളിൽ നിന്നും റിപ്പോർട്ടു ചെയ്തിരിക്കുന്നു.

ഈ സാഹചര്യത്തിൽ അങ്കണവാടി കേന്ദ്രങ്ങൾആഴ്ചയിൽഒരു ദിവസമെങ്കിലും തുറന്ന് ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. അതോടൊപ്പം അങ്കണവാടി പരിസരവും വൃത്തിയായിസൂക്ഷിക്കേണ്ടതാണ്. ശിശു വികസന പദ്ധതി ആഫീസർമാർ ഇതു സംബന്ധമായ നിർദ്ദേശങ്ങൾ അങ്കണവാടി പ്രവർത്തകർക്ക് നൽകേണ്ടതാണ്. കോവിഡ് മാനദണ്ഡങ്ങൾപാലിച്ചുകൊണ്ടാവണം ടി നടപടികൾസ്വീകരിക്കേണ്ടതെന്നും നിർദ്ദേശിക്കുന്നു

ഇക്കാര്യങ്ങൾ ജില്ലാതല പ്രോഗ്രാം ആഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

for വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്: ജില്ലാവനിത ശിശു വികസന ആഫീസർമാർക്കും
പ്രോഗ്രാം ആഫീസർമാർക്കും